**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5635** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും, വകുപ്പിലെ മറ്റ് ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥരുടെയും ജോലി ഭാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും, വകുപ്പിലെ മറ്റ് ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥരുടെയും ജോലി ഭാരം ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിക്കുന്നതിനും, സമഗ്രമായ റിപ്പോർട്ടിനും പ്രശ്ന പരിഹാരങ്ങൾക്കുമായി വിരമിച്ച വനിതാ ജഡ്ജി ചെയർപേഴ്സൺ ആയ ഒരു കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നീ മൂന്ന് വകുപ്പുകളുടെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥരായി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ജോലി ചെയ്യുന്നുണ്ട് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | സംയോജിത ശിശുവികസന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ആയതിനാൽ ഐസിഡിഎസ് പദ്ധതി പ്രവർത്തനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഐസിഡിഎസ് സൂപ്പർവൈസർമാരുടെ ഔദ്യോഗിക കർത്തവ്യങ്ങളും ചുമതലകളും നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ്, വനിത ശിശു വികസന വകുപ്പ് എന്നീ വകുപ്പുകളുടെ വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതനുസരിച്ച് ഉദ്യോഗസ്ഥരുടെ കടമകളിലും കർത്തവ്യങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. അപ്രകാരം അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാർ ഉത്തരവ് സ.ഉ.(പി)നം.188/2000/ എൽ.എസ്.ജി.ഡി തീയതി 04.07.2000 പ്രകാരം സൂപ്പർവൈസർമാർ ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരാണ്. 2017-ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശുവികസന വകുപ്പ് |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചതിനുശേഷവും സാമൂഹ്യനീതി വകുപ്പിൽ കൈകാര്യം ചെയ്യുന്ന അശരണരുടേയും, മാനസിക വെല്ലുവിളി നേരിടുന്നവരുടേയും, വയോജനങ്ങളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന പല പദ്ധതികളുടേയും നിർവ്വഹണ ചുമതല ഐസിഡിഎസ് സൂപ്പർവൈസർമാരാണ് നിർവ്വഹിക്കുന്നത്. സാമൂഹ്യ നീതി വകുപ്പിൽ ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി തലത്തിൽ പ്രത്യേക തസ്തിക നിലവിലില്ലാത്തതിനാൽ മേൽ വിവരിക്കും പ്രകാരമുള്ള ചുമതലകൾ കൂടി ഐസിഡിഎസ് സൂപ്പർവൈസർമാർ നിർവ്വഹിക്കാൻ ബാധ്യസ്ഥരാണ്. പ്രസ്തുത ജീവനക്കാരുടെ നിർവ്വഹണ ചുമതലയിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് നിലവിൽ പുതിയ മാർഗ്ഗ നിർദ്ദേശങ്ങളൊന്നും കേന്ദ്ര-സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | പ്രസ്തുത അധിക ജോലിഭാരം മേൽ ജീവനക്കാരിൽ നിന്ന് ഒഴിവാക്കുന്നതിനും ത്രിതല പഞ്ചായത്ത് തല നിർവഹണ ഉദ്യോഗസ്ഥരായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/ഗ്രേഡ് II ജീവനക്കാരെ പകരം നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾ, ശിശുക്കൾ, കൗമാരക്കാർ എന്നിവരുടെ മാനസിക-ശാരീരിക-ആരോഗ്യ -വിദ്യാഭ്യാസ കാര്യങ്ങളിലും, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, സ്ത്രീകൾ എന്നിവർക്ക് നൽകുന്ന സേവനങ്ങളിലേക്കും ശ്രദ്ധകേന്ദ്രീകരിക്കുന്ന വിധം ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും 'വനിതാ സൗഹൃദം' ആക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾ, ശിശുക്കൾ, കൗമാരക്കാർ എന്നിവരുടെ മാനസിക-ശാരീരിക-ആരോഗ്യ -വിദ്യാഭ്യാസ കാര്യങ്ങളിലും, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, സ്ത്രീകൾ എന്നിവർക്ക് സേവനം നൽകുന്ന വിധവുമാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവചിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ